മലപ്പുറം വിദ്യാഭ്യാസ ജില്ല

മാതൃകാ ചോദ്യപേപ്പർ
ഹയർ സെക്കന്ററി ഒന്നാം വർഷം **2023.**

ആകെ മാർക്ക് **80**

ഒന്നു മുതൽ **6** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ശരിയായ രണ്ടുത്തരം വീതം തിരഞ്ഞെടുത്തെഴുതുക**.** സ്കോർ രണ്ടു വീതം

1)ജോനാഥൻ നൽകുന്ന സന്ദേശമെന്ത്?
-ലക്ഷ്യബോധം ഉണ്ടായിരിക്കണം
- പാരമ്പര്യത്തെ പിന്തുടരണം
- പ്രതിസന്ധികളെ തരണം ചെയ്യണം
- സ്വാർത്ഥനായിരിക്കണം
2) മത്സ്യത്തെ അപകടപ്പെടുത്തുന്ന ഘടകങ്ങൾ ഏതെല്ലാം?
-മണൽത്തരി
- കടൽ
- വലക്കണ്ണി
- ചൂണ്ടക്കൊളുത്ത്
3) ജനപ്രിയ സിനിമകളുടെ സവിശേഷതകൾ ഏതെല്ലാം?
-യഥാർത്ഥ ജീവിതത്തെ അവതരിപ്പിക്കുന്നു
- ജനപ്രിയ സിനിമ ഉത്തമ കലാസൃഷ്ടിയാണ്
- വാർപ്പ് മാതൃകയിലുള്ള കഥാപാത്രങ്ങൾ
- സ്വപ്നാവസ്ഥയിലുള്ള ആഗ്രഹങ്ങളെ സഫലീകരിക്കുന്ന
4) അരുളില്ലാത്ത മനുഷ്യരെ ശ്രീനാരായണഗുരു ഉപമിച്ചിരിക്കുന്നത് എന്തിനോടാണ്?
-നിഷ്ഫല ഗന്ധപുഷ്പം
-സുഗന്ധമുള്ള പുഷ്പം
- നാറുന്നൊരുടമ്പ്
- ജീവതാരകം
5) സംക്രമണത്തിലെ സ്ത്രീയുടെ ദയനീയാവസ്ഥയെ ചിത്രീകരിക്കുന്ന ചിഹ്നങ്ങൾ ഏതെല്ലാം?
-കുറ്റിച്ചൂല്
- ഒഴുകുന്ന പുഴ
- സൂര്യൻ
- നാറത്തേപ്പ്
6) എം എൻ വിജയൻറെ നിരീക്ഷണത്തിൽ കവിതയ്ക്ക് യോജിച്ച നിർവചനം ഇതിലേതെല്ലാമാണ്?
- അർത്ഥഗർഭമായ വാക്കുകളുടെ നൃത്തമാണ് കവിത
-നേരെ ചൊവ്വെ പറയുന്നത്
- അവ്യവസ്ഥിതത്വം
- വാക്കിന് ഒരർത്ഥം മാത്രമുള്ളത്

ഏഴ് മുതൽ **10** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക **2** മാർക്ക് വീതം

7) വേരുകളിലെ ഔഷധമൂല്യത്തെ കുറിച്ച് എൻ.എ. നസീർ പറയുന്ന കാര്യങ്ങൾ എന്തെല്ലാം?
8) ഇന്ത്യൻ ഭാഷകളിലെ ജനപ്രിയ സിനിമകളിൽ കുടുംബത്തിനുള്ള പ്രാധാന്യം എന്തെല്ലാം?
9) വാസന വികൃതി എന്ന ശീർഷക ത്തിൻറെ ഔചിത്യം?
10) കായലരികത്ത് എന്ന ചലച്ചിത്ര ഗാനത്തിൽ തെളിയുന്ന 2 കേരളീയാന്തരീക്ഷം കണ്ടെത്തുക

**11** മുതൽ **17** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക **4** മാർക്ക് വീതം

11) മത്സ്യം സ്വാതന്ത്ര്യത്തിന്റെയും അതിജീവനത്തിന്റെയും പ്രതീകമാണ് -നിങ്ങളുടെ അഭിപ്രായം വിശദമാക്കുക
12) വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന പാഠഭാഗത്തുനിന്ന് പ്രകൃതിബോധത്തിന്റെ പാഠങ്ങൾ കണ്ടെത്തുക
13)സിനിമയിൽ ഗാനങ്ങളുടെ പ്രസക്തി എന്ത്?
14) സൈക്കിൾ മോഷ്ടാക്കൾ എന്ന സിനിമയിൽ സൈക്കിൾ ഒരു പ്രതീകമാണ് വിശദമാക്കുക
15) സന്ദർശനവും അനർഘനിമിഷവും വൈകാരികതലത്തിൽ സമാനതകൾ പുലർത്തുന്നുണ്ടോ സ്വാഭിപ്രായം വ്യക്തമാക്കുക
16) മാപ്പിളപ്പാട്ടിന്റെ സവിശേഷതകൾ മുഹിയിദ്ദീൻ മാലയെ അടിസ്ഥാനമാക്കി വിശദീകരിക്കുക
17) വാസന വികൃതിയിൽ ഉപയോഗിച്ചിരിക്കുന്ന ഏതെങ്കിലും ഒരു ശൈലിയുടെ ഔചിത്യം വിശദമാക്കുക

**18** മുതൽ **21** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക **-**സ്കോർ **6**

18) പ്രണയത്തിൻറെ ഭൂത വർത്തമാനങ്ങൾ സന്ദർശനത്തിൽ കാണാം.2 സന്ദർഭങ്ങൾ ഉദാഹരണമായി എടുത്ത് വിശദീകരിക്കുക
19) പാരിസ്ഥിതിക പ്രാധാന്യമാണ് കൈപ്പാട് ,കേൾക്കുന്നുണ്ടോ എന്നീ ഹ്രസ്വചിത്രങ്ങൾ ആവിഷ്കരിക്കുന്നത് വിലയിരുത്തുക
20) "എത്ര ദുർബലയാണ് താൻ !എത്ര ഹീനയാണ് " തങ്കം നായരുടെ ഈ നിലപാടിന്റെ യുക്തിയെന്ത് കണ്ടെത്തുക
21) സമൂഹത്തിൽ തിരസ്കരിക്കപ്പെടുന്ന സ്ത്രീ ജീവിതമാണ് സംക്രമണത്തിന്റെ പ്രമേയം.നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക

താഴെക്കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം വായിച്ച് **22** മുതൽ **24** വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക സ്കോർ **2**

സിനിമ മാജിക് ആണ് എന്നത് സിനിമാ ചരിത്രത്തിന്റെ ആരംഭത്തിൽ തന്നെ നിരീക്ഷിക്കപ്പെട്ടിട്ടുള്ളതും ഉറപ്പിക്കപ്പെട്ടിട്ടുള്ളതും ആയ നിർവചനമാണ്. ലിജോ ജോസ് പെല്ലിശ്ശേരി 12 വർഷങ്ങൾ എടുത്ത് അദ്ദേഹത്തിൻറെ 10 ചിത്രങ്ങൾ കൊണ്ട് മലയാള സിനിമയിലെ ആ മാജിക്കിന്റെ കഴിയാവുന്നത്ര ഉയരങ്ങൾ കീഴടക്കി. നായകൻ, സിറ്റി ഓഫ് ഗോഡ് എന്നീ രണ്ട് ചിത്രങ്ങൾ ആ കാലഘട്ടത്തിൽ അത്രകണ്ട് ശ്രദ്ധിക്കപ്പെട്ട ചിത്രങ്ങൾ ആയിരുന്നില്ല
ആമേൻ എന്ന ഒറ്റ ചിത്രം കൊണ്ട് പ്രേക്ഷകർക്കിടയിലേക്ക് നുഴഞ്ഞുകയറിയാണ് ലിജോ ജോസ് പെല്ലിശ്ശേരി എന്ന സംവിധായകൻ തൻറെ സ്ഥാനം ഉറപ്പിച്ചത് . വാണിജ്യപരമായി വലിയ മുതൽമുടക്കി ഇറങ്ങിയ ഡബിൾ ബാരൽ എന്ന ചിത്രം തിയേറ്ററുകളിൽ വൻ പരാജയവുമായി.
ആ ചിത്രം ഇറങ്ങുന്നത് 2015ലാണ് ഫേസ്ബുക്ക് എന്ന സാമൂഹിക മാധ്യമത്തിന് വലിയ പ്രചാരം ഉണ്ടായിരുന്ന സമയം

കോർപ്പറേറ്റ് അൽഗൊരിതങ്ങളുടെ സാങ്കേതികത ഉപഭോക്താക്കളെ അത്രകണ്ട് വലയ്ക്കാത്ത ആ കാലത്ത് മലയാളത്തിൽ തന്നെ നിരവധി ഓൺലൈൻ കൂട്ടായ്മകൾക്കായിരുന്നു സ്വാധീനം . ഓൺലൈൻ മാധ്യമങ്ങൾ യൂട്യൂബ് വീഡിയോ റിവ്യൂകൾ ആദ്യദിന റിയാക്ഷൻ വീഡിയോകൾ തുടങ്ങി ഇന്ന് ഒരു സിനിമയുടെ തിയേറ്റർ സഞ്ചാരത്തെ സ്വാധീനിക്കുന്നു എന്ന് ആരോപിക്കുന്ന ഒന്നും തന്നെ കാര്യമായി ഇല്ലാതിരുന്ന കാലമാണ്. അവയൊന്നും വേരിറപ്പിച്ചിട്ടില്ലാത്ത കാലത്ത് സിനിമ ചർച്ചകൾ ഏറെ സജീവമായിരുന്നത് 'സിനിമ പാരഡിസോ' ' മൂവീസ് സ്ട്രീറ്റ്' പോലുള്ള ഫേസ്ബുക്ക് പേജുകളിൽ ആയിരുന്നു.

(മയക്കങ്ങളും മറുപിറവികളും-
ജിപി രാമചന്ദ്രൻ,ജിതിൻ കെ സി)

22) സിനിമാ ചരിത്രത്തിലെ ആരംഭത്തിൽ തന്നെ നിരീക്ഷിക്കപ്പെട്ട പ്രധാന നിർവചനം എന്ത്?
23) സിനിമയുടെ തിയേറ്റർ സഞ്ചാരത്തെ സ്വാധീനിക്കുന്നു എന്ന് പറയപ്പെടുന്ന ഘടകങ്ങൾ ഏവ?
24) ലിജോ ജോസ് പല്ലിശ്ശേരി സംവിധാനം ചെയ്ത ഏതെല്ലാം സിനിമകളെ പറ്റിയാണ് മുകളിൽ ചർച്ച ചെയ്യുന്നത്?

**25** മുതൽ **27** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക **.**
**8** മാർക്ക്

25) വൃദ്ധ, പെൺകുട്ടി , പത്മാക്ഷി എന്നീ കഥാപാത്രങ്ങൾ സ്ത്രീജീവിതത്തിന്റെ വ്യത്യസ്ത മുഖങ്ങളെയും കാലത്തെയും ആവിഷ്കരിക്കുന്നു. നിരൂപണക്കുറിപ്പ് തയ്യാറാക്കുക
26) വാർദ്ധക്യത്തിന്റെ വിരസതയെയും ഏകാന്തതയെയും ശുഭാപ്തി വിശ്വാസം കൊണ്ട് മറികടക്കുന്ന കവിതയാണ് ഊഞ്ഞാലിൽ -ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക
27) പീലിക്കണ്ണുകൾ, ശസ്ത്രക്രിയ എന്നെ പാഠഭാഗങ്ങളിൽ മാതൃഭാവത്തെയും ബാല്യകാല സ്മരണകളെയും ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയാണ്. വിശദീകരിക്കുക

തയ്യാറാക്കിയത്

1) ഫസീല കോതലാക്കൽ
   ജി എച്ച്എസ്എസ് മങ്കട പള്ളിപ്പുറം
   Pen 437323
2) ധന്യ കെ എ
   ജിഎച്ച്എസ്എസ് നെല്ലിക്കുത്ത്
   Pen 633906
3) ആരിഫ ടി
   ജി വി എച്ച്എസ്എസ് കൊണ്ടോട്ടി
   Pen 412349
4) ജയകൃഷ്ണൻ പി പി
   ജി എച്ച് എസ് എസ് പുലാമന്തോൾ
   Pen 447762
5) ജയരാജൻ വി പി
   ജി എം എച്ച്എസ്എസ് പെരിന്തൽമണ്ണ
   Pen 456221
6) ആര്യ സുരേന്ദ്രൻ കെ
   സി എച്ച് എം എച്ച്എസ്എസ് പൂക്കളത്തൂർ

Pen 691405

7) ജിം അബ്രഹാം ജേക്കബ് തരകൻ എച്ച്എസ്എസ് അങ്ങാടിപ്പുറം
Pen 323823

8) റസീന പരി
ജി എസ് എച്ച് എം എച്ച്എസ്എസ് എടവണ്ണ
Pen 412274

9) സന്തോഷ് കുമാർ വി ജിഎച്ച്എസ്എസ് പുലാമന്തോൾ
Pen 202734